# കേരളത്തിന്റെ നവോത്ഥാന ധൈഷണികതയുടെ വേറാക്കുറുകൾ

**ഡോ. ജമീൽ അഹ്മദ്**
അസി. പ്രൊഫ. ഗവ. കോളേജ് മലപ്പുറം

നവോത്ഥാനം യൂറോപ്യൻ ആശയമാണ്. ഇന്ത്യയിൽ അതിന്റെ ആശയപരമായ അധിനിവേശം സംഭവിച്ചതിനെ ഇന്ത്യൻ നവോത്ഥാനം എന്നു വിളിക്കുന്നു. പാരമ്പര്യമൂല്യങ്ങളെ തള്ളിക്കളയാനും പുതുക്കാനും മനുഷ്യനു ലഭിച്ച യുക്തിപരമായ ധീരതയെയാണ് നവോത്ഥാനം എന്നു പേരിട്ടത്. അതിന്റെ ആശയപരമായ അടിത്തറകൾ ആധുനികതയിൽ ഉണ്ട്. മധ്യകാലത്തെ മനുഷ്യാവസ്ഥകൾ യൂറോപ്പിന്റെ കലാസാംസ്കാരിക രംഗങ്ങളെയും തത്ത്വവിജ്ഞാനീയങ്ങളെയും ശാസ്ത്രമണ്ഡലത്തെയും ആഴത്തിൽ സ്വാധീനിച്ചു. അതോടെ ഉളവായ സാംസ്കാരിക പ്രതിഭാസവും വിചാരവിപ്ലവവും ആണ് പാശ്ചാത്യനവോത്ഥാനം. ഫ്രഞ്ച് ചരിത്രകാരനായ ജ്യൂൾസ് മിഷെയ്‌ലെ (Jules Michelet) തന്റെ ഹിസ്റ്ററി ഒഫ് ഫ്രാൻസ് (1855) എന്ന കൃതിയിലാണ് 'റിനെസ്സൻസ്' എന്ന സംജ്ഞ ആദ്യമായി ഉപയോഗിക്കുന്നത് എന്നാണ് ഒരഭിപ്രായം. "മധ്യകാലത്തിന്റെ സങ്കുചിതലോകബോധത്തിൽനിന്ന് യൂറോപ്പിനെ അടർത്തിമാറ്റുകയും ആധുനികശാസ്ത്രത്തിന്റെ ആവിർഭാവത്തെ സാധ്യമാക്കുകയും ചെയ്ത 'നവോത്ഥാനം' പുതിയ ലോകത്തെയും പുതിയ മനുഷ്യനെയും കണ്ടെത്തിയ പ്രതിഭാസ"മെന്നാണ് 'റിനെസ്സൻസി'നെ മിഷെയ്‌ലെ നിർവചിച്ചത്. 15-ാം ശതകത്തിൽ ഇറ്റാലിയൻ നഗരങ്ങളിൽ ആരംഭിച്ച ഈ ചിന്ത, പഴകിയ മതാധികാരത്തെയും പ്രപഞ്ചവീക്ഷണത്തെയും ചോദ്യംചെയ്തു. ആധുനിക മതേതര മാനവികതയ്ക്ക് ഈ നവോത്ഥാനചിന്തകളാണ് കാരണമായത്. ശാസ്ത്രചിന്തയും യുക്തിബോധവും ആയിരുന്നു ആശയപരമായ അതിന്റെ അടിത്തറ.

ബ്രിട്ടീഷ് ആധിപത്യകാലത്ത്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഇത്തരം ബോധങ്ങൾ ഇന്ത്യയിലേയ്ക്കെത്തുന്നത്. ഇന്ത്യയിലെ മത-സാമൂഹിക-സാംസ്കാരിക മേഖലകളിൽ അന്നുണ്ടായ

നവീകരണങ്ങളെയാണ് ഇന്ത്യൻ അവസ്ഥയിൽ നവോത്ഥാനം എന്നു വിളിക്കുന്നത്. ഇന്ത്യൻ മത-സാമൂഹിക ജീവിതത്തിന്റെ മുഴുവൻ സങ്കീർണതകളും പേറുന്ന ഇന്ത്യൻ നവോത്ഥാനത്തെ യൂറോപ്യൻ നവോത്ഥാനത്തിന്റെ പകർപ്പായി കാണാനാവില്ല. ബഹുസ്വരവും ആധുനികവും മിക്കപ്പോഴും പരസ്പരവിരുദ്ധവുമായ ധാരകൾ ഉൾച്ചേർന്നിട്ടുള്ള ഇന്ത്യൻ നവോത്ഥാനം, ബ്രിട്ടീഷ് കോളോണിയലിസത്തോടുള്ള തദ്ദേശീയ സമൂഹങ്ങളുടെ പ്രതികരണമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഉപരിവർഗത്തിന്റെ ഇടപെടലുകളായിരുന്നു നവോത്ഥാനത്തിന്റെ ചാലകശക്തി. ഇവർ പടിഞ്ഞാറൻ സാഹിത്യത്തെയും തത്ത്വചിന്തയെയും മതാത്മകമായ സ്വന്തം ലോകവീക്ഷണത്തെ പുനർനിർമിക്കുന്നതിന് ഉപാധിയാക്കുകയാണ് ചെയ്തത്. യൂറോപ്യൻ മൂല്യങ്ങളുമായുള്ള താരതമ്യത്തിൽ സ്വന്തം മത-സാമൂഹിക സങ്കല്പങ്ങൾ അപരിഷ്കൃതമാണെന്ന അപകർഷതാബോധം ഉണ്ടാവുക സ്വാഭാവികമാണ്. മതനവീകരണമോ പുനരുദ്ധാനമോ ആണ് നവോത്ഥാനത്തിന്റെ യഥാർത്ഥ അജണ്ട എന്ന് ഇക്കൂട്ടർ കരുതിപ്പോയതിലുമില്ല അസാംഗത്യം. അങ്ങനെ, യൂറോപ്യൻ ജ്ഞാനോദയചിന്തകളുടെ വെളിച്ചത്തിൽ സ്വന്തം പാരമ്പര്യത്തെ പുനർവ്യാഖ്യാനിക്കാനും പുനർനിർവചിക്കാനും പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച വരേണ്യവിഭാഗങ്ങൾ നടത്തിയ ശ്രമങ്ങളെയാണ് പൊതുവിൽ ഇന്ത്യൻ നവോത്ഥാനം എന്നു വിശേഷിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ, വൈദേശികശക്തികളെയും ആശയങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്ന ഹൈന്ദവവിഭാഗങ്ങളുടെ സ്വത്വപ്രതിസന്ധികളാണ് ഇന്ത്യൻ നവോത്ഥാനത്തിൽ പ്രതിഫലിച്ചത്. അതിനാൽ, യൂറോപ്പിൽ സംഭവിച്ചതുപോലെ പാരമ്പര്യമൂല്യങ്ങളെ അടിസ്ഥാനപരമായി പിന്തള്ളാനോ ജാതിയെന്ന ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയുടെ പ്രത്യയശാസ്ത്രാടിത്തറയെ അട്ടിമറിക്കാനോ ഇന്ത്യൻ നവോത്ഥാന പ്രക്രിയയ്ക്ക് കഴിഞ്ഞില്ല എന്ന വിമർശനം പതിവാണ്.

ഇന്ത്യൻ നവോത്ഥാനത്തിന്റെ അനുരണനം തന്നെയായിരുന്നു കേരളത്തിലെ നവോത്ഥാന ധൈഷണികതയും. അത് കേരളത്തിലെത്താൻ സ്വാഭാവികമായ സമയക്കൂടുതൽ എടുത്തു എന്നതൊഴിച്ചാൽ കാര്യമായ വ്യത്യാസങ്ങളൊന്നും നടന്നിട്ടില്ല. ദലിത്-പിന്നോക്ക ജനവിഭാഗങ്ങളിൽനിന്നുള്ള കൂടുതൽ അംഗത്വം കേരളീയ നവോത്ഥാനത്തിൽ ഉണ്ടായിരുന്നു എന്നത് ഇന്ത്യൻ നവോത്ഥാനത്തെക്കാൾ കൂടുതൽ മെച്ചപ്പെട്ടത് കേരളീയ നവോത്ഥാനമായിരുന്നു എന്ന് തോന്നിപ്പിച്ചിട്ടുണ്ട്. എങ്കിൽപ്പോലും സവർണ ഹൈന്ദവമൂല്യങ്ങളുടെ ദാർശനികമായ അടിത്തറയെ തെല്ലും അവ മുറിവേല്പിച്ചില്ല എന്ന ഒന്നാമത്തെ വിമർശനവും

മതമൂല്യങ്ങളുടെ ആത്മീയയുക്തികളെ അത് ഒരുനിലയ്ക്കും ചോദ്യംചെയ്തിട്ടില്ല എന്ന രണ്ടാമത്തെ വിമർശനവും വസ്തുനിഷ്ഠമാണ്. നവോത്ഥാന ധൈഷണികതയുടെ വിവിധ ഭാവങ്ങളെ പല കോണുകളിൽ നിന്ന് നോക്കിക്കാണുന്ന ഒട്ടനവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. പലപ്പോഴും അവ ഏകതാനമായിരുന്നു—മുൻവിധികളും വിഭാഗീയമായ ലക്ഷ്യങ്ങളും പേറുന്നതുമായിരുന്നു. അത്തരം മുൻവിധികളൊന്നുമില്ലാതെ, മതപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളില്ലാതെ അക്കാദമികമായി അതിൽ ചില നിരീക്ഷണങ്ങളെ ചേർത്തുവെക്കാനുള്ള ഒരു ശ്രമമാണ് ഈ ഗ്രന്ഥം. ഇങ്ങനെ, കേരളത്തിന്റെ നവോത്ഥാന ധൈഷണികതയുടെ പശ്ചാത്തലമായി പ്രവർത്തിച്ച വിവിധ വസ്തുതകളെ സമാഹരിക്കുമ്പോൾ നേരത്തെ പറഞ്ഞ വിമർശനങ്ങൾ എത്രത്തോളം ശരിയാണെന്നു പരിശോധിക്കാനുള്ള ഒരു പോംവഴി തുറക്കുകയാണ്. ഈ സമാഹാരത്തിൽ ശേഖരിച്ച പ്രബന്ധങ്ങളെ വിശകലനം ചെയ്തുകൊണ്ട് അതു സാധ്യമാകുമോ എന്നതിലുള്ള ശ്രമമാണ് ഈ വിശകലനലേഖനം. അതോടൊപ്പം ഇതിലെ ലേഖനങ്ങളെ സമഗ്രമായി പരിചയപ്പെടുത്തുക എന്ന ധർമവും ഈ വിശകലനം നിറവേറ്റാം.

ധൈഷണിക നായകത്വം

കേരളത്തിന്റെ നവോത്ഥാന ധൈഷണികത എപ്പോഴും വിലയിരുത്തപ്പെട്ടത് അതിന് നേതൃത്വം നല്കിയ ആളുകളുടെ പേരിലാണ്. 'നവോത്ഥാനനായകന്മാർ' എന്നാണ് അതിന് നാം നല്കിയ ചെല്ലപ്പേര്. ആ പേരിലെ ലിംഗപരമായ സൂചനതന്നെ മറ്റൊരു വസ്തുതയിലേയ്ക്കുകൂടി വഴി തുറക്കുന്നു. എന്തുകൊണ്ട് നവോത്ഥാനനായികമാർ നമുക്കില്ലാതെപോയി എന്നതാണ് ആ സൂചന. ആ നവോത്ഥാനനായകന്മാരിലെ ഏറ്റവും പ്രാമാണികനാണ് നാരായണഗുരു. നവോത്ഥാനനായകനായ 'ബ്രഹ്മശ്രീ ശ്രീനാരായണ ഗുരുദേവൻ' എന്നു നീട്ടിപ്പരത്തി പറയാനാണ് നമുക്കിഷ്ടം. ആ നീട്ടൽ പോലും ആശയപരമായി ഭക്ത്യാദരവുകൾ നിറഞ്ഞതാണെന്നു മാത്രമല്ല ആദ്യം പറഞ്ഞ നവോത്ഥാനം എന്ന വസ്തുതയ്ക്ക് പ്രത്യയശാസ്ത്രപരമായി എതിരുമാണ്. മതാത്മകമായ ആത്മീയതയെ പുതുമപ്പെടുത്താനോ പരുവപ്പെടുത്താനോ ഉള്ള ശ്രമമാണ് നവോത്ഥാന നായകന്മാർ എന്ന് പുകൾക്കൊണ്ട കേരളീയ മഹദ്വ്യക്തിത്വങ്ങളൊക്കെയും ശ്രമിച്ചത്. മതത്തെയും പാരമ്പര്യത്തെയും തീർത്തും നിരാകരിക്കുന്ന നവോത്ഥാന ആധുനികതയെ അവർ സമ്മതിച്ചില്ല. 1888-ൽ ശ്രീനാരായണന്റെ അരുവിപ്പുറം പ്രതിഷ്ഠ നിലവിലെ സവർണ ഹിന്ദു മതത്തിന്റെ ആത്മീയനിഷ്ഠകളെ തകർത്തു. ഇത്തരം പ്രതിഷ്ഠകളുടെ

തുടർച്ച ഒരു ആക്ടിവിസം എന്ന നിലയ്ക്കുതന്നെ ഗുരു ജീവിതത്തിലുടനീളം പുലർത്തുന്നത് കാണാം. ഹൈന്ദവ ദേവീദേവന്മാരെ മാത്രമല്ല, ദീപം, കണ്ണാടി, 'സത്യം എന്ന വാക്ക്' എന്നുതുടങ്ങി ആത്മീയതയും മതമൂല്യങ്ങളെത്തന്നെ മറിച്ചിടുന്ന പ്രതിഷ്ഠാപനങ്ങളും അദ്ദേഹം നടത്തി. ഭക്തിയെ യുക്തിസഹമാക്കാനുള്ള ഗുരുവിന്റെ ഈ പ്രയത്നങ്ങളെ സാമൂഹികശാസ്ത്രപരമായി വിശകലനം ചെയ്യാനുള്ള ശ്രമമാണ് 'ശ്രീ നാരായണ ഗുരുവിന്റെ ക്ഷേത്രദർശനം' എന്ന ലേഖനം. ശ്രീജ ജെ.എസ്. ആണ് ലേഖിക. സ്ത്രീവാദം, സ്വത്വബോധം, ദലിത് നിലപാടുകൾ എന്നീ അറിവുകളെ വേണ്ടത്ര ഉൾക്കാഴ്ചയോടെയും ദീർഘദൃഷ്ടിയോടെയും സമീപിക്കാൻ ഗുരുവിന് കഴിഞ്ഞില്ല എന്ന വിമർശനവും ലേഖിക ഉന്നയിക്കുന്നുണ്ട്. പുരുഷകേന്ദ്രിതമായ സമൂഹഘടനയുടെ ഭാഗമായി നിലകൊണ്ട ഗുരു, ലിംഗപരമായ ചോദ്യങ്ങളെ എങ്ങനെയാണ് നേരിട്ടത് എന്ന ചോദ്യം ആവർത്തിച്ചുന്നയിക്കുകയാണ് 'ഗുരുദർശനത്തിലെ സ്ത്രീ' എന്ന ലേഖനവും (ഉദയൻ എ.സ്.). 'സ്ത്രീധർമ്മം, ചാരിത്രശുദ്ധി, ഭർതൃശുശ്രൂഷ, ശിശുപരിചരണം, ഗൃഹപരിപാലനം, ആർത്തവശുദ്ധി തുടങ്ങിയ കാര്യങ്ങളിൽ മതത്തിന്റെ വാർപ്പുമാതൃകകളെ മാറ്റിപ്രതിഷ്ഠിക്കാൻ ഗുരുവിന് കഴിഞ്ഞില്ല' എന്നത് ചരിത്രസത്യമാണ്. ആത്മീയതയ്ക്കും സന്യാസത്തിനും മുഖ്യതടസ്സം സ്ത്രീപ്രലോഭനങ്ങളാണെന്ന സവർണയുക്തിതന്നെയാണ് ഗുരുവും തുടരുന്നത് എന്ന് 'ശിവശതകം', 'വൈരാഗ്യദശകം' തുടങ്ങിയ കൃതികളെ മുൻനിറുത്തി ഗവേഷകൻ സ്ഥാപിക്കുന്നു. നാരായണഗുരുവിനെ നവോത്ഥാനനായകനാക്കി ഉയർത്തിക്കൊണ്ടുവരുന്നതിൽ ജീവചരിത്രങ്ങളും പഠനങ്ങളും വഹിച്ച പങ്ക് പരിശോധിക്കുന്നു നവോത്ഥാന നായകനിർമ്മിതി—ശ്രീ നാരായണ ഗുരുവിന്റെ ജീവചരിത്രകൃതികളെ മുൻനിറുത്തിയ പഠനം (മഞ്ജുഷ പി.വി.). ശ്രീനാരായണനെ പുരസ്കരിച്ച ആദ്യകാലവ്യവഹാരങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് കുമാരാനാശാന്റെ കൃതിതന്നെ. 'ബ്രഹ്മശ്രീ ശ്രീനാരായണ ഗുരു ചരിത്രസംഗ്രഹം' എന്ന ആ കൃതിയുടെ തലക്കെട്ടുതന്നെ അമാനുഷികമായ പരിവേഷം നാരായണഗുരുവിന് നല്കുന്നതാണ്. ഈഴവനെ അഭിമാനിയായ മനുഷ്യനാക്കുക എന്നതാണ് നവോത്ഥാന ആധുനികത ആഗ്രഹിച്ചതെങ്കിൽ പോലും നാരായണഗുരുവെ ദൈവത്തോളം അയുക്തികമായ വിശേഷണങ്ങൾ നല്കി സ്ഥാപിക്കുകയാണ് ജീവചരിത്രങ്ങൾ പൊതുവെ ചെയ്തത്. ഗുരുവിന്റെ ജനനം, കുട്ടിക്കാലം, യൗവനം, വിവാഹം, സന്യാസം, ചികിത്സ തുടങ്ങി ഓരോ ജീവിതസന്ധിയും പ്രവാചകതുല്യവും ദൈവികവുമായ പരിവേഷത്തോടെ വിശദമാക്കിയാണ് ജീവചരിത്രകൃതികൾ നാരായണനെ ദൈവമാക്കി

മാറ്റിയത്. ആത്മീയവും മതപരവുമായ കെട്ടുപാടുകളിൽനിന്നു മുക്തമായി നമുക്ക് നവോത്ഥാനത്തെയും ആധുനികതയെയും പോലും പരിചരിക്കാനായില്ല എന്ന വസ്തുത നാരായണഗുരുവിനെ മാത്രം മുൻനിറുത്തി വിശകലനംചെയ്യാൻ കഴിയും.

കേരളത്തിന്റെ പൊതു ധൈഷണിക പാരമ്പര്യത്തിലേക്ക് ദലിതുകളെയും മുസ്ലിങ്ങളെയും ചേർത്തുവെക്കുന്ന കണ്ണികൾ വളരെ കുറവാണ്. ഉള്ളതുതന്നെയും വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല എന്ന ആക്ഷേപം നിലനില്ക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ 'കേരളമുസ്ലിം സമൂഹത്തിന്റെ ആധുനികതയും മക്തിത്തങ്ങളും' (മുഹമ്മദ് ബഷീർ) എന്ന പഠനപ്രബന്ധം ഈ സമാഹാരത്തിൽ അത്തരമൊരു കണ്ണിയെ വിളക്കിച്ചേർക്കാനുള്ള ശ്രമം എന്ന നിലയ്ക്ക് വേറിട്ടുനില്ക്കുന്നു. നാരായണഗുരുവും ചട്ടമ്പിസ്വാമികളും പണ്ഡിറ്റ് കറുപ്പനും പൊയ്കയിൽ അപ്പച്ചനും 'കേരള' നവോത്ഥാനനായകരും മക്തിത്തങ്ങൾ 'മുസ്ലിം' നവോത്ഥാന നായകനുമായാണ് പൊതുചരിത്ര ഇടങ്ങൾ പോലും വ്യവഹരിക്കുക. മക്തിത്തങ്ങളുടെ സമൂഹനവോത്ഥാന ശ്രമങ്ങളുടെ കേന്ദ്രം ഭാഷയായിരുന്നു. നവോത്ഥാനത്തിന്റെ ഭൗതിക വാഹനം ഭാഷയാണ്. ഭാഷയുടെയും ഭാഷയിലെയും നവോത്ഥാനം സമുദായത്തിന്റെകൂടി നവോത്ഥാനമാകുന്നത് അങ്ങനെയാണ്. ഈ വസ്തുതയാകട്ടെ മുസ്ലിം സമുദായത്തെക്കുറിച്ച് കൂടുതൽ ശരിയുമാണ്. കേരളമുസ്ലിങ്ങളുടെ മലയാളം-ഇംഗ്ലീഷ് ഭാഷകളോടുള്ള അടുപ്പവും അകലവും മക്തിത്തങ്ങൾ വിമർശനാത്മകമായി പരിശോധിക്കുകയും 'മലയാള ഇസ്ലാം' എന്ന പുതിയൊരു ഭാഷാപദ്ധതി സമുദായത്തിന് സമർപ്പിക്കുകയും ചെയ്തു. ഭാഷയോടൊപ്പം സാമുദായിക നവോത്ഥാനത്തിന്റെ മറ്റൊരു ചാലകശക്തി വിദ്യാഭ്യാസമാണ്. മക്തിത്തങ്ങൾ മദ്രസാവിദ്യാഭ്യാസ പരിഷ്കരണത്തിലൂടെ കേരളമുസ്ലിങ്ങൾക്കു നല്കിയ ദിശാബോധമാണ് ആ സമുദായത്തിൽ പിന്നീടുണ്ടായ ഏതാണ്ടെല്ലാ പുതുമകളുടെയും നായകത്വം വഹിച്ചത്. ഇങ്ങനെ ഭാഷ, വിദ്യാഭ്യാസം തുടങ്ങിയ ആയുധങ്ങളുപയോഗിച്ച് മക്തിത്തങ്ങൾ നടത്തിയ നവോത്ഥാനം മുസ്ലിം സമുദായത്തിനകത്തെ അനാചാരങ്ങളെ പുറംതള്ളാൻ മാത്രമല്ല, ബ്രിട്ടീഷ് ധനസഹായത്തോടെ മിഷണറിമാർ നടത്തിയ ഇസ്ലാം വിമർശനങ്ങളെ നേരിടാൻ കൂടിയായിരുന്നു. കേരളത്തിലെ ആധുനിക നവോത്ഥാനധൈഷണികത മതപുനരുദ്ധാരണമോ പരിഷ്കരണമോ മാത്രമല്ല ലക്ഷ്യമിട്ടത് മതസ്ഥാപനംകൂടിയാണെന്ന് മക്തിത്തങ്ങൾ തെളിയിക്കുന്നു.

ദലിത് നവോത്ഥാനത്തിലൂടെ കേരളസമൂഹത്തിന്റെ മതാത്മക

മേൽക്കോയ്മയിൽ വിള്ളലുകളുണ്ടാക്കിയ വൈകുണ്ഠസ്വാമികളാണ് കണ്ണാടിപ്രതിഷ്ഠനടത്തി പുതിയൊരു മതാത്മക ബദൽ കേരളത്തിൽ സൃഷ്ടിച്ചത്. അക്കാര്യത്തിൽ നാരായണഗുരുവിന് മാതൃകയാണ് അദ്ദേഹം. കണ്ണാടി എന്ന വസ്തു എങ്ങനെയാണ് നവോത്ഥാന ധൈഷണികതയുടെ പ്രതീകമാകുന്നത് എന്ന് മനശ്ശാസ്ത്രവിശകലനം നടത്തി സമർഥിക്കുകയാണ് ഈ ലേഖനം (ലെജ വി.ആർ.). സവർണ ക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ട ഒരു ജനതയെ തങ്ങളുടെ ശരീരംതന്നെ പവിത്രമാണെന്ന ആത്മീയദർശനംകൊണ്ട് കണ്ണാടി എന്ന പ്രതിഷ്ഠ ഹിന്ദുമതത്തിനുതുല്യമായ മറ്റൊരു മതത്തിലേക്കുതന്നെയാണ് വിമോചിപ്പിക്കുന്നത്. 'ആനന്ദകുമരസ്വാമിയുടെ കലാ സൗന്ദര്യദർശനങ്ങൾ' (ഡോ. എൽ. അലക്സ്) എന്ന പ്രബന്ധം നവോത്ഥാനനായകരുടെ കൂട്ടത്തിലെ വ്യത്യസ്തമായ ഒരു ധൈഷണികതയെ സ്പർശിക്കുന്നു. കേരളത്തിനു പുറത്തുള്ള പ്രതിഭകളുടെ ചിന്തകൾ കേരളീയ ധൈഷണികതയെ സ്വാധീനിച്ചതിന്റെ പ്രതിനിധാനപരമായ ഉദാഹരണമാണ് ആനന്ദകുമരസ്വാമിയുടേത്. 'ശ്രീലങ്കയിൽ ജനിച്ച് ഇന്ത്യൻ തത്ത്വശാസ്ത്രത്തിന്റെ വിഹായസ്സിൽ പറന്ന' ദാർശനികനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ ഏഷ്യയുടെയും യൂറോപ്പിന്റെയും അറിവുകളുടെ സ്വാധീനം അദ്ദേഹത്തിന്റെ ചിന്തയിൽ കാണാം. ഭാരതീയത, കല, തത്ത്വചിന്ത, മതം എന്നിവയിലൊക്കെ അദ്ദേഹത്തിന്റെ ആലോചനകൾ വ്യാപരിച്ചു. കേരളീയ തത്ത്വചിന്ത ആന്തരികമായി പാശ്ചാത്യൻ ആധുനികതയുടെ വർണംകൂടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ 'സമന്വയത്തിന്റെ ധാരയായ ദ്രാവിഡ-പാശ്ചാത്യ ദർശനങ്ങളെ പ്രകടമായി കൂട്ടിയിണക്കുകയാണ് ആനന്ദകുമരസ്വാമി ചെയ്തത്' എന്ന് പ്രബന്ധം സമർഥിക്കുന്നു. അതോടൊപ്പം സൗന്ദര്യവും ഈശ്വരചൈതന്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ യുക്തിയുടെയും ആത്മീയതയുടെയും സംവാദമേഖലകളിൽ വലിയ സംഭാവനകൾ ചെയ്തിട്ടുമുണ്ട്. യൂറോപ്യൻ നവോത്ഥാനത്തിന്റെ ഭൂമികയിൽ നിന്ന് ദ്രാവിഡദേശത്തെ പുതുക്കുമ്പോൾപോലും ആത്മീയവും മതപരവുമായ അടിത്തറകൾ വിട്ടുകളയാനാവുന്നില്ല എന്നതിന് നിദർശനംകൂടിയാണ് ആനന്ദകുമരസ്വാമി.

സാഹിത്യ ധൈഷണികത

നവോത്ഥാനത്തിന്റെ ചാലകം ഭാഷയാണെന്നു മുമ്പു പറഞ്ഞു. ഭാഷയുടെ പ്രകടമായ രൂപം സാഹിത്യമാണ്. മലയാളത്തിന്റെ സാഹിത്യവും നവോത്ഥാനവും പരസ്പരം കെട്ടുപിണഞ്ഞാണ് എന്നും കിടന്നത്. പലപ്പോഴും സാഹിത്യംതന്നെ നവോത്ഥാനമായും നവോത്ഥാനത്തെ

സാഹിത്യം മാത്രമായും നാം കണ്ടെത്തി. ഈ പ്രബന്ധസമാഹാരത്തിലെ വലിയൊരു വിഭാഗം പഠനങ്ങൾ നവോത്ഥാനധൈഷണികതയെ സാഹിത്യത്തിനോടു ബന്ധപ്പെടുത്തിയാണെന്നത് ഇക്കാര്യം ഉറപ്പിക്കുന്നു. സാഹിത്യം പൊതുവായും കവിത പ്രത്യേകമായും ഒരു ധൈഷണിക വ്യാപാരമല്ല. പക്ഷേ, സാഹിത്യത്തിന്റെ രസനീയതയ്ക്കു നിദാനമായ വസ്തുതകൾ (കാവ്യമീമാംസ) ഭാരതീയ ധൈഷണിക മേഖലയിലെ പ്രധാന ഇനമാണുതാനും. കാരണം, കാവ്യമീമാംസ കേവല ആസ്വാദനത്തിന്റെ ദർശനം മാത്രമല്ല, മനുഷ്യമനസ്സിന്റെയും ഭാഷയുടെയും ഘടനകളിലേക്കുള്ള അന്വേഷണം കൂടിയാണ്. അതുകൊണ്ടു തന്നെ നവോത്ഥാന ധൈഷണികതയെക്കുറിച്ചുള്ള പ്രബന്ധങ്ങളിൽ പ്രാതിനിധ്യസ്വഭാവത്തോടെ സാഹിത്യപഠനവും ഉൾച്ചേരേണ്ടതുണ്ട്. ഭാരതീയ കാവ്യമീമാംസയുടെ തണലിൽ കേരളത്തിൽ മൗലികമായ സിദ്ധാന്തങ്ങളൊന്നും ഏറെ ഉരുത്തിരിഞ്ഞിട്ടില്ല. ഭാരതീയ കാവ്യാലങ്കാര സിദ്ധാന്തങ്ങളെ നവോത്ഥാനചിന്തകളുമായി അടുപ്പിച്ചത് കേരളത്തിൽ അയ്യപ്പപ്പണിക്കരാണ്. അവയെ ചുവടുപിടിച്ച് അദ്ദേഹം ആവിഷ്കരിച്ച 'അന്തഃസന്നിവേശം' എന്ന സിദ്ധാന്തത്തെ വിശദീകരിക്കാനുള്ള ശ്രമമാണ് ഡോ. എം. ഗംഗാദേവിയുടെ Ayyappapanikker and the Theory of Interiorization എന്ന ലേഖനം.

കേരളത്തിന്റെ സവർണ മതാത്മക ഭാവനയിൽ നവോത്ഥാന ആധുനികത പരിഗണിക്കപ്പെട്ടത് നിലനില്ക്കുന്ന അധീശമതഭാവനയെ പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എന്ന വസ്തുതതന്നെയാണ് സാഹിത്യധൈഷണികതയിലെ ഉദാഹരണങ്ങളും പ്രകടമാക്കുന്നത്. 'ഇന്ദുലേഖ' എന്ന നോവലിനെ മുൻനിറുത്തി ജാസ്മി പി. ജെ. നടത്തിയ വായനകൾ ഈ നിരീക്ഷണം സ്ഥാപിക്കുവാനാണ് ശ്രമിക്കുന്നത്. നവോത്ഥാനം സൃഷ്ടിച്ച പുതിയ കർതൃത്വത്തെ ശരിയായി വീക്ഷിച്ച ഈ പഠനംപോലും പക്ഷേ, 'ഇന്ദുലേഖയാണ് മലയാളത്തിലെ ആദ്യത്തെ നോവൽ', 'ഇന്ദുലേഖ സ്വതന്ത്ര്യവ്യക്തിത്വമായിരുന്നു' തുടങ്ങിയ ആധുനിക വാർപ്പുമാതൃകകളിൽ കുടുങ്ങിപ്പോകുന്നതുകാണാം. ഇത്തരം പൂർവധാരണകളിൽനിന്ന് മുക്തമാകാത്ത നവോത്ഥാനമായിരുന്നു 'ഇന്ദുലേഖ'യിലൂടെ ചന്തുമേനോൻ പോലും മുന്നോട്ടുവെച്ചത്. ഇതു നോവലിലെ കഥ. എന്നാൽ, കവിതയുടെ അവസ്ഥ മറ്റൊന്നാണ്. കേരളീയത എന്ന വസ്തുനിർദേശം പാലാ നാരായണൻ നായരുടെ കവിതകളിൽ അന്വേഷിക്കുന്ന പ്രബന്ധം ഇവിടെ സാധുവാകുന്നത് അതുകൊണ്ടുകൂടിയാണ്. (കേരളീയത തന്മയും ഉണ്മയും പാലാ നാരായണൻ നായരുടെ കവിതകളിൽ—ഡോ. മിനിമോൾ മാത്യു). 'കേരളം വളരുന്നു' എന്ന

തുടർക്കവിതയിലൂടെയാണ് പാലാ മലയാളകാവ്യനഭസ്സിൽ താരകമായത്. കേരളീയതയുടെ പുറംകാഴ്ചകളുടെ ആഖ്യാനമാണ് ആ കവിതാസമ്പുടം. 'മാതൃഭൂമി' എന്ന സങ്കല്പവും വാക്കും സംജ്ഞാനാമവും ആധുനികദേശീയബോധത്തിന്റെ നിർമിതിയാണെങ്കിലും മതാത്മകവും ആത്മീയവുമായ ഒരു തലമാണ് അതിന്ന് എന്നും കല്പിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് ദേശീയതയെക്കുറിച്ചുള്ള നിർബന്ധങ്ങൾ മതാത്മകരാഷ്ട്രീയത്തിന്റെ അധീശത്വയുക്തികളിൽ പെട്ടുപോകുന്നതുപോലും എപ്പോഴും അത്തരമൊരു ഒഴുക്കിന് ദേശസ്നേഹത്തിൽ സാധ്യതയുള്ളതുകൊണ്ടുകൂടിയാണ്.

സാഹിത്യനവോത്ഥാനത്തിന്റെ ആശയരൂപീകരണമാണ് നിരൂപണം. ലക്ഷ്യവേധിയായ ഭാഷയിലൂടെ ആധുനികമലയാള വിമർശനബുദ്ധിയെ സ്വാധീനിച്ച നിരൂപകനാണ് കുട്ടികൃഷ്ണമാരാര്. അദ്ദേഹത്തിന്റെ ധൈഷണികവ്യക്തിത്വത്തെക്കുറിച്ചുള്ള പഠനമാണ് 'കുട്ടികൃഷ്ണമാരാര് ധൈഷണികതയുടെ സ്വാതന്ത്ര്യം'(എം.രാമചന്ദ്രൻ പിള്ള). പുരോഗമന സാഹിത്യത്തിന്റെ മറുചേരിയിൽ നില്ക്കുമ്പോഴും 'പുരോഗമനാത്മകത' എന്ന ആശയത്തെ കൈവിട്ടില്ല മാരാർ എന്ന് ലേഖകൻ നിരീക്ഷിക്കുന്നു. നവോത്ഥാനത്തെപ്പോലെ പുരോഗമനാത്മകത എന്നതും എപ്പോഴും യുക്തിചിന്തയോടും ശാസ്ത്രബോധത്തോടും ഒക്കെ ബന്ധപ്പെടുത്തിയാണ് വിശദീകരിക്കപ്പെട്ടിരുന്നത്. കവിതയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും സവിശേഷമായ കാഴ്ചപ്പാടുകൾ പുലർത്തിയ മാരാർ എങ്ങിനെയാണ് പുരോഗമന പക്ഷത്ത് ആശയപരമായി നിലയുറപ്പിച്ചത് എന്ന് വിശദമാക്കാൻ ലേഖകന് കഴിയുന്നുമില്ല. ഏതിനെയും പുരോഗമനവും നവോത്ഥാനവുമായി വ്യാഖ്യാനിക്കാൻ തക്ക അയഞ്ഞ സ്വരൂപം പുരോഗമനത്തിനും നവോത്ഥാനത്തിനും ഉണ്ട്. അതുകൊണ്ടുതന്നെയാണ് മതം പുരോഗമനാത്മകമാണെന്നും മതപരിഷ്കരണം നവോത്ഥാനമാണെന്നും നാം വിശ്വസിച്ചുറപ്പിച്ചത്. ഈ സൗകര്യം കുട്ടികൃഷ്ണമാരാർക്കും ലഭിക്കുന്നു. മാരാർക്ക് സത്യസായിബാബയോടുള്ള ഭക്തിയും കവിതയുടെ പാരമ്പര്യമൂല്യങ്ങളോടുള്ള അമിത പ്രതിപത്തിയും പോലും നവോത്ഥാനവും പുരോഗമനവുമായി വ്യാഖ്യാനിക്കാൻ സൗകര്യം നല്കുന്നു എന്നതാണ് മലയാള നവോത്ഥാന ധൈഷണികതയുടെ സുഖകരമായ വിസ്താരം.

കേരളത്തിന്റെ ഏതുകാലത്തെയും ധൈഷണിക വ്യവഹാരങ്ങളിൽ ചിരി മുഖ്യഘടകമായിരുന്നു. ധൈഷണികതയും ചിരിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈ വിചിത്രചിന്തപോലും ചിരിയുദ്പാദിപ്പിച്ചേക്കാം. വിരുദ്ധമെന്ന് കരുതുന്ന ചേർച്ചകളാണല്ലോ ഹാസ്യത്തിന്റെ

പ്രധാനപ്പെട്ട ഘടകം. പക്ഷേ, കൂടിയാട്ടത്തിനിടയിലെ പുരുഷാർഥങ്ങളും ചാക്യാർക്കൂത്തും തുള്ളലും വെറും ചിരിയല്ല, കേരളസമൂഹരൂപീകരണത്തിന്റെ അനുഭവവും ചരിത്രവുമാണ്. 'മണിപ്രവാളകാവ്യങ്ങൾ പോലും ഹാസ്യവ്യവഹാരങ്ങളാണ്' എന്ന അഭിപ്രായവും മലയാള സാഹിത്യവിമർശനചരിത്രത്തിൽ ഉണ്ടായിട്ടുണ്ടല്ലോ. മലയാളത്തിലെ ആധുനിക സാഹിത്യത്തിൽ വി.കെ.എൻ. എന്ന എഴുത്തുകാരനുള്ള സ്ഥാനം കേവലമായ ചിരിയുടെയല്ല, മറിച്ച് ആധുനികകേരളത്തിന്റെ രാഷ്ട്രീയ-മത സംവാദങ്ങളിൽ ബൗദ്ധികമായ ഉണർച്ചകളുണ്ടാക്കിയ ചിരിയുടേതാണ്. കൂത്തിലെയും തുള്ളലിലെയും ചിരിപോലും കേവലമായ ചിരിയായി കുട്ടികൃഷ്ണമാരാര് കുറ്റപ്പെടുത്തിയിട്ടുണ്ടെങ്കിലും (നമ്മുടെ സംസ്കാരലോപം) അതങ്ങനെയല്ല എന്നാണ് പില്ക്കാല ഗവേഷകരൊക്കെയും വിലയിരുത്തിയത്. രാഷ്ട്രീയവും മതപരവുമായ സാമൂഹിക വിമർശനത്തിന്റെ അഗാധതലം സാഹിത്യത്തിലെ ചിരിയ്ക്കുണ്ട്. എന്നുമാത്രമല്ല, നിസ്സാരമായൊരു ഫലിതത്തിൽ പോലും ഗുപ്തമായ രാഷ്ട്രീയവും സംസ്കാരഭാരവും ഉണ്ട്. ഈ പശ്ചാത്തലത്തിലാണ് ദിൽഷ പി.കെ. യുടെ വി.കെ.എൻ നോവലായ 'മഞ്ചലി'ലെ ഹാസ്യാനുഭവത്തെ വായിക്കേണ്ടത്. ഈ സമാഹാരത്തിലെ ഗവേഷണാത്മക പ്രബന്ധങ്ങളിൽ ഒന്നാണിത്.

വിമർശനമെന്ന നിലയിൽ അവതരിപ്പിക്കുന്ന നൂതനാശയങ്ങൾ ധൈഷണികമായ വ്യവഹാരമേഖലകളെ ഉത്തേജിപ്പിക്കുന്നുണ്ട്. തിരിച്ചും പറയാം. ധൈഷണികമായി ഉണ്ടാകുന്ന നവോത്തേജനങ്ങളാണ് നിരൂപണസാഹിത്യത്തെയും പ്രകാശമാനമാക്കുന്നത്. മലയാളസാഹിത്യത്തിലുണ്ടായ ഏതൊരു വിവാദവും സംവാദവും പുതിയ സാംസ്കാരിക ചിന്തകളെ ഉന്നയിച്ചിട്ടുണ്ട്. പ്രാസവാദം, രൂപഭദ്രതാവാദം, പുരോഗമന സാഹിത്യം, ആവിഷ്കാരസ്വാതന്ത്ര്യവാദം തുടങ്ങി ഉത്തരാധുനികകാലത്ത് ഏറെ ചർച്ചാവിഷയമായ ഒട്ടനവധി സംവാദവിഷയങ്ങളടക്കം കേവലം സാഹിത്യമേഖലയെ മാത്രമല്ല ബൗദ്ധികജീവിതത്തെ മുഴുവൻ സ്വാധീനിക്കുന്നുണ്ട്. ആധുനിക മലയാളത്തിന്റെ ധൈഷണികതയെ ഇത്തരം വിവാദങ്ങൾ രൂപപ്പെടുത്തിയതെങ്ങനെ എന്ന അന്വേഷണം രൂപഭദ്രതാവാദത്തെ മുൻനിറുത്തി പരിശോധിക്കുകയാണ് അഞ്ജുമോൾ ബാബു (രൂപഭദ്രതാവാദം സാഹിത്യവിമർശനത്തിലെ ധൈഷണിക വ്യാപാരം). രൂപഭദ്രത വേണം എന്ന് മലയാളത്തിൽ ആദ്യമായി നിർദേശിക്കുന്നത് മുണ്ടശ്ശേരിയാണ്. അതിനെ അക്കാലത്ത് എതിർത്തത് കമ്യൂണിസ്റ്റ് ചേരിയിലെ എഴുത്തുകാരാണ്. റഷ്യൻ ഫോർമലിസമാണ് മുണ്ടശ്ശേരി ഉന്നയിക്കുന്ന രൂപഭദ്രത എന്ന് തെറ്റിദ്ധരിക്കപ്പെടുകയും

ചെയ്തു. റഷ്യൻ ഫോർമലിസത്തെ റഷ്യയിലെ ഇടതുപക്ഷം എതിർത്തു എന്നതുകൊണ്ടുമാത്രമാണ് അതിന്റെ സമാനധ്വനി കേരളത്തിലുമുണ്ടായത്. ഈ തെറ്റ് പിന്നെ ഇ.എം.എസുതന്നെ തിരുത്തുകയും ചെയ്യുന്നുണ്ട്. നവോത്ഥാന ആധുനികതയോ ഉത്തരാധുനികതയോ ആകട്ടെ ചിന്തകളുടെയും ആശയങ്ങളുടെയും തെറ്റായ മനസ്സിലാക്കൽ സമൂഹത്തിന്റെ ഊർജ്ജം അനാവശ്യമായി ചെലവഴിക്കാനിടവരുത്തും എന്നതിനുകൂടി ഉദാഹരണമാണിത്. സാഹിത്യവിമർശനം യുക്തിയുടെ പ്രകടനരംഗമാണെങ്കിൽപോലും മാരാരും ഒരളവുവരെ മുണ്ടശ്ശേരിയും മതത്തെയും പാരമ്പര്യത്തെയും കൈയൊഴിഞ്ഞുള്ള വിമർശനസമ്പ്രദായത്തെ രൂപപ്പെടുത്തിയില്ല എന്നുതന്നെ മനസ്സിലാക്കാനാകും. എന്നാൽ മലയാളവ്യാകരണത്തിന്റെ നില മറ്റൊന്നാണ്. ഏറ്റവും കണിശമായ ശാസ്ത്രീയയുക്തി പാലിക്കപ്പെടുക വ്യാകരണത്തിലാണ്. അതുകൊണ്ടുതന്നെ മതത്തിന്റെയും ദൈവികഭാവനകളുടെയും ഒരു പിന്തുണയുമില്ലാതെ വ്യാകരണധൈഷണികതയ്ക്ക് പുലരാനാവും. ഡോ. ഉണ്ണി ആമപ്പാറയ്ക്കലിന്റെ ഏ ആറിന്റെ വ്യാകരണ ധൈഷണികത എന്ന പഠനം 'എ.ആർ. രാജരാജവർമയുടെ വ്യാകരണധൈഷണികതയുടെ പ്രത്യേകതകൾ' അന്വേഷിക്കുന്നു. കേരളപാണിനീയത്തിന്റെ പരിഷ്കരിച്ച പതിപ്പ് പുറത്തിറങ്ങിയിട്ട് നൂറ്റാണ്ട് തികഞ്ഞിട്ടും ഇത്തരമൊരന്വേഷണം മലയാളത്തിൽ നടന്നില്ല എന്നതുകൊണ്ട് ഈ പ്രബന്ധം കൂടുതൽ പ്രസക്തവുമാണ്. പുതുതായി കണ്ടെത്തുന്ന യുക്തികൾക്കും ബോധങ്ങൾക്കുമനുസരിച്ച് തിരുത്തിത്തിരുത്തി മുന്നേറുക എന്നതാണ് ശാസ്ത്രീയതയുടെ ഏറ്റവും സ്വീകാര്യമായ ഗുണം. ഇന്നത്തെ ശരി ആകണമെന്നില്ല നാളത്തെ ശരി. മതവും ആത്മീയബോധവും ഇത്രയും അനായാസകരമായി തിരുത്തലിനു തയ്യാറാകാറില്ല. അങ്ങനെ പരിഗണിക്കുകയാണെങ്കിൽ സ്വന്തം സിദ്ധാന്തങ്ങളെ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് തിരുത്തിയും പരിഷ്കരിച്ചും മുന്നേറിയ ഏ ആറും കേരളപാണിനീയവുമാണ് കേരളത്തിന്റെ നവോത്ഥാന ധൈഷണികതയിലെ ഏറ്റവും ശാസ്ത്രീയമായ ചിന്ത എന്നു ഈ ലേഖനം വ്യക്തമാക്കും.

മലയാളസാഹിത്യവിമർശനരംഗത്തെ ആധുനികതയുടെ അവസാന തലമുറയിലെ മൂന്നു വ്യക്തികളെ പ്രത്യേകമായി എടുത്ത് ആധുനിക ധൈഷണികതയുടെ സമീപനരീതികളെ വിശകലനം ചെയ്യുന്ന ലേഖനമാണ് 'ആധുനിക ധൈഷണികത കെ.എൻ. പണിക്കർ, സച്ചിദാനന്ദൻ, ബി. രാജീവൻ എന്നിവരുടെ സാമൂഹിക വിമർശനരീതികളെക്കുറിച്ച് ഒരവലോകനം' (ജയരാജൻ പി.) എന്നത്. ജ്ഞാനോദയ ആധുനികത ഇന്ത്യയിലെത്തിയപ്പോൾ അതിന്റെ പുരോഗമനാത്മക

സ്വഭാവങ്ങളിൽനിന്നു മാറി മതമൂല്യങ്ങളുടെ പരിഷ്കരണമോ സ്ഥാപനമോ ആയതെങ്ങനെയെന്ന് കെ.എൻ. പണിക്കർ മുമ്പേ വിശദീകരിച്ചിട്ടുണ്ട് എന്ന് ലേഖകൻ വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ നവോത്ഥാന ആശയങ്ങൾ പരാജയ വർഗീയതയുടെ രൂപത്തിലുള്ള വലതുപക്ഷത്തിന്റെയും ആഗോളവത്കരണത്തിന്റെ വേഷത്തിലുള്ള സാമ്രാജ്യത്വത്തിന്റെയും കടന്നുകയറ്റമായിരുന്നു എന്നാണ് ഡോ. പണിക്കർ ശരിയായി നിരീക്ഷിക്കുന്നത്. കെ.എൻ. പണിക്കരുടെ ഈ ദാർശനിക അവബോധത്തിന്റെ ക്രിയാത്മകമായ തുടർച്ച ലേഖകൻ കണ്ടെത്തുന്നത് സച്ചിദാനന്ദനിലും ബി. രാജീവനിലുമാണ്.

ജനകീയ ധൈഷണിക

ആധുനിക നവോത്ഥാനം യൂറോപ്പിൽ സൃഷ്ടിച്ച പല പഠനമേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഫോക്‌ലോർ. പാരമ്പര്യത്തിന്റെ മനുഷ്യവിരുദ്ധമെന്ന് തോന്നുന്ന മൂല്യങ്ങളെ നിരാകരിക്കുന്നതോടൊപ്പം അതിന്റെ സാംസ്കാരികമായ അംശങ്ങളെ കണ്ടെത്താനുള്ള അക്കാദമിക ശ്രമങ്ങളാണ് നാടോടിസാഹിത്യപഠനമെന്ന പുതിയ ഗവേഷണമേഖലയെ സൃഷ്ടിച്ചത്. ഉത്തരാധുനിക സാംസ്കാരിക പഠനത്തിന്റെ വരവ് പഴയ ഫോക്‌ലോർ രീതിശാസ്ത്രത്തെ കടപുഴക്കിയിട്ടുണ്ടെങ്കിലും ചരിത്രപരമായ സാധ്യത എന്ന നിലയ്ക്ക് ജനപ്രിയ സാംസ്കാരിക മേഖലകളിലെ അടരുകളെ നവോത്ഥാന ധൈഷണികതയുടെ പശ്ചാത്തലത്തിൽ നോക്കിക്കാണുന്നതിന് പ്രസക്തിയുണ്ട്. വ്യവസായവിപ്ലവത്തിന്റെ വിപരീത ഫലമായിരുന്ന ഫോക്‌ലോർ എങ്കിലും മതവിശ്വാസം, ആചാരം, അനുഷ്ഠാനം, പാരമ്പര്യം എന്നീ മൂല്യങ്ങളെ അമിതമായ ആദരവുകളോടെ സ്വീകരിക്കാനുള്ള ഫോക്‌ലോറിസ്റ്റുകളുടെ ആവേശം ആ പഠനമേഖലയെത്തന്നെ സംശയത്തിന്റെ നിഴലിൽ നിറുത്തി. ആഗോളവത്കരണത്തിന്റെയും വിപണിപ്രത്യയശാസ്ത്രത്തിന്റെയും അധികാരശക്തികൾ നാടോടിത്തനിമകളെത്തന്നെ തങ്ങളുടെ പരസ്യത്തിന്റെ ഭാഗമാക്കിയത് ഫോക്‌ലോർ ഗവേഷണരംഗത്ത് അങ്കലാപ്പുണ്ടാക്കി. അതുകൊണ്ടുതന്നെ പാരമ്പര്യമായതിനെയെല്ലാം വിമർശനാത്മകമായി മാത്രം സമീപിക്കുക എന്ന നവോത്ഥാനദർശനം ഫോക്‌ലോറുമായി ഇടഞ്ഞുനില്ക്കുന്നു. പക്ഷേ, ജനകീയവിചാരങ്ങളെ കൃത്യമായി പ്രതിഫലിപ്പിക്കുന്നു എന്നതിനാൽ നവോത്ഥാനധൈഷണികതയെക്കുറിച്ചുള്ള അന്വേഷണത്തിൽ നാടോടിവിജ്ഞാനീയങ്ങളെ പരിഗണിക്കാതെ വയ്യ. ആ മേഖലയിലുള്ളതും ഈ സമാഹാരത്തിലെ വ്യത്യസ്തവുമായ ഒരന്വേഷണമാണ് 'നാടോടി വിജ്ഞാനീയമേഖലിയിലൂടെ

നവോത്ഥാനം—ജന്തുചരിതത്തെ ആസ്പദമാക്കിയുള്ള പഠനം' (ഡോ. നിഷ ഫ്രാൻസിസ് ഒ.). നവോത്ഥാന ധൈഷണികതയെ പ്രത്യേക വ്യക്തിയിലൂടെയോ പ്രസ്ഥാനത്തിലൂടെയോ അല്ലാതെ കാണാനുള്ള ശ്രമം അഭിനന്ദനീയവുമാണ്. ഫോക്‌ലോർ, നരവംശശാസ്ത്രം എന്നിവയുടെ രീതിശാസ്ത്രമുപയോഗിച്ച് നാടോടി-സംസ്കാര പഠനങ്ങളിലെ നവോത്ഥാന ചിന്തയെ വിശകലനംചെയ്യാൻ ജന്തുചരിതത്തെയാണ് ലേഖിക ആസ്പദിച്ചിരിക്കുന്നത്. മനുഷ്യനും മൃഗവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം വിശേഷബുദ്ധിയാണ്. മൃഗങ്ങളെക്കാൾ മനുഷ്യർ സർഗാത്മകമായി ചിന്തിക്കുന്നതുകൊണ്ടാണ് അവയെക്കാൾ ആധിപത്യം മനുഷ്യനുണ്ടായത്. എങ്കിലും മനുഷ്യന്റെ ചിന്ത മൃഗത്തെ പലനിലയ്ക്കും ആശ്രയിച്ചു. മതവും സാമൂഹികജീവിതവും മൃഗചരിതത്തെ ചിഹ്നവും അർഥവും നല്കി സ്വീകരിച്ചു. കലയും ഭാഷയും പോലും മൃഗാനുബന്ധഭാവനകളിൽനിന്നും ചിഹ്നങ്ങളിൽ നിന്നും മുക്തമല്ല എന്ന് ഈ പഠനം വിശദമായി പരിശോധിക്കുന്നു.

കേരളീയതയുടെ കാഴ്ചയുടെ സംസ്കാരമെന്ത് എന്ന ആലോചനാവിഷയം സിനിമ അടക്കമുള്ള വിഷ്വൽ സെൻസിബിലിറ്റി ചർച്ചകളിൽ ഏറെ കൈകാര്യംചെയ്യപ്പെട്ടതാണ്. ഈ സവിശേഷമായ സൗന്ദര്യദർശനം രൂപപ്പെടുന്നതിൽ നമ്മുടെ അനുഷ്ഠാനപരവും ആരാധനാപരവുമായ ആവിഷ്കാരങ്ങൾക്ക് വലിയ പങ്കുണ്ട്. പാരിസ്ഥിതികവും ആത്മീയവുമായ പശ്ചാത്തലസ്വാധീനം ഏറെയുള്ള കേരളീയകലകളെ നാടോടിവിജ്ഞാനീയത്തിന്റെ പഴയ രീതിശാസ്ത്രത്തെമാത്രം ആശ്രയിച്ചുകൊണ്ടല്ലാത്ത നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയാണ് ഡോ. ആനി 'കേരളീയ ചുവർചിത്രകലയിലെ സൗന്ദര്യാത്മക പരിപ്രേക്ഷ്യം' എന്ന ലേഖനത്തിൽ. ചായക്കൂട്ടുകളിലും ആഖ്യാനരീതിയിലും മാത്രമല്ല ആസ്വാദനത്തിൽപോലും കേരളീയമായ മാനം സൃഷ്ടിക്കാൻ ചുവർചിത്രകലകൾക്കു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കേരളീയ ചിന്തയുടെ കലാപരമായ വശത്തിലും മതത്തിന്റെ ഛായ വിട്ടുപോയിട്ടില്ല എന്നു കാണാനാവും. ചുവർചിത്രങ്ങൾ ആവിഷ്കരിക്കപ്പെട്ടത് ഏറക്കുറെ മുഴുവനായും ക്ഷേത്രച്ചുമരുകളിലും അതിനു പ്രമേയപരമായ ഉറവിടം ഹൈന്ദവ പുരാണകഥകളിലാണെന്നും ആകസ്മികമല്ല. ചിത്രം എന്നതിന്റെ മതപരമായ സാധ്യതകളിലൊന്ന് ദൈവികമായ അതിമാനുഷത്വം ചിത്രീകരിക്കാനുള്ള ഭൗതികവിഭവങ്ങൾ അതിലുണ്ട് എന്നതാണ്. നിറം, വെളിച്ചം, ഇരുട്ട്, ഭാവം, പശ്ചാത്തലം തുടങ്ങിയ ദൃശ്യസാധ്യതകളാണ് വരയും വർണങ്ങളും നല്കുന്നത്. വസ്തുക്കളുടെ അളവുകളിലെ ഏറ്റക്കുറച്ചിൽ ചെറുതിനെ വലുതായും വലുതിനെ ചെറുതായും പ്രത്യക്ഷപ്പെടുത്തും. തെങ്ങിനെക്കാളും വലിയ

മനുഷ്യന്റെ ഒരു ചിത്രം പ്രകൃതിയുടെ ചെറുപ്പത്തെക്കാളേറെ കാഴ്ചയിൽ വരുത്തുക മനുഷ്യന്റെ ദൈവികമായ വലുപ്പമാണ്. കേരളത്തിലെ ചുമർചിത്രകലയിൽ പ്രകൃതിയിൽനിന്നുള്ള നിറക്കൂട്ടുകൾകൊണ്ട് വൈഷ്ണവാരാധനാമൂർത്തികളുടെ ചിത്രങ്ങൾ ഇങ്ങനെ വരച്ചുവെച്ചത് പത്തൊമ്പതാം നൂറ്റാണ്ടിലെ സൗന്ദര്യാത്മകതയുടെ ആത്മീയ സൂചനകളാണ് എന്ന് പ്രബന്ധത്തിന്റെ പിന്നിൽ നിന്നു വായിക്കാം.

വിദ്യാലയത്തിനും ആയുധപരിശീലന കേന്ദ്രത്തിനും 'കളരി' എന്ന പൊതുവാക്ക് മലയാളത്തിൽ നടപ്പുണ്ട്. ആയോധനവും അറിവും തമ്മിലുള്ള ബന്ധം പോരാട്ടവുമായി മാത്രം ബന്ധപ്പെട്ടതല്ല, മറിച്ച് മനുഷ്യത, ആയുസ്സ്, സമയം, ശക്തി മുതലായ ഭൗതികജ്ഞാനങ്ങളെക്കൂടി ഉൾക്കൊള്ളുന്നതാണ്. ഈ ജ്ഞാനമേഖലകളിൽ കേരളത്തിനുള്ള പാരമ്പര്യത്തിന്റെ ഉത്തമനിദർശനമാണ് കളരിപ്പയറ്റ്. കളരി സമ്പ്രദായത്തിലും കെട്ടുമുറയിലും അഭ്യാസത്തിലും അതിന്റെ പണിത്തര നിർമിതികളിലടക്കം പാലിക്കുന്ന വിശ്വാസപരവും ആചാരസംബന്ധിയുമായ മതമൂല്യങ്ങളെ സവിസ്തരം കളരിപ്പയറ്റ് കേരളത്തിന്റെ തനതുആയോധനസമ്പ്രദായം (ഷെറീനാ റാണി) എന്ന ലേഖനം പരിചയപ്പെടുത്തുന്നു. അളവുകളിലെയും കണക്കുകളിലെയും ശാസ്ത്രീയമായ കൃത്യതമാത്രമല്ല, അവ ഒരുക്കുന്നതിലെ മതാത്മകവിശ്വാസങ്ങളുംകൂടി കളരിപ്പയറ്റിൽ സമന്വയിക്കുന്നുണ്ട്. പിഴവും പിഴയും അവ രണ്ടിലും സാധ്യമാണ്. അതുകൊണ്ടുതന്നെ ഈ പഠനം ആ രണ്ടുവശങ്ങളെയും ഒരേ പോലെത്തന്നെ പരിചരിക്കുകയും ചെയ്യുന്നു. ആയോധനവിദ്യപോലെ വൈദ്യവിദ്യയും അറിവും ശരീരവും തമ്മിലുള്ള ബന്ധത്തെ ഉറപ്പിക്കുന്ന പാരമ്പര്യവിജ്ഞാനമാണ്. അവയ്ക്കു പരസ്പരവും അഴിയാത്ത ബന്ധങ്ങളുമുണ്ട്. കേരളത്തിന്റെ നവോത്ഥാന ധൈഷണികതയെ കേരളീയ വൈദ്യവിജ്ഞാനത്തിന്റെ ചരിത്രത്തെ വിശകലനം ചെയ്തും മനസ്സിലാക്കാനാകും എന്നതിനു തെളിവാണ് കേരളീയ വൈദ്യചരിത്രത്തിന്റെ സാംസ്കാരിക രാഷ്ട്രീയം (ഡോ. സ്വപ്ന ശ്രീനിവാസൻ) എന്ന പഠനം. നവോത്ഥാന ആധുനികതയുടെ അധിനിവേശസ്വഭാവം ഏറ്റവുമധികം പ്രകടമായത് വൈദ്യവിജ്ഞാനീയത്തിലാണ്. സിദ്ധവൈദ്യത്തിനുമേൽ ആയുർവേദവും ആയുർവേദത്തിനുമേൽ അലോപ്പതിയും ചികിത്സയെ കീഴടക്കി. കേരളത്തിന്റെ ധൈഷണിക പാരമ്പര്യത്തിന്റെ തനതു ചികിത്സാരീതിയായി ആയുർവേദത്തെ പരിചയപ്പെടുത്തുമ്പോഴും അതിനുമുമ്പും അതിനോടൊപ്പവും നിലനിന്ന നാടൻ ചികിത്സാമുറകളെക്കൂടി 'അശാസ്ത്രീയം' എന്ന ആധുനികതയുടെ ആക്ഷേപവാക്ക് ഉപയോഗിച്ച് തള്ളിക്കളയുകയാണ് നാം ചെയ്തത്. ഇംഗ്ലീഷ് വിജ്ഞാനത്തിന്റെ

സംസ്ഥാപന വേളയിൽ അലോപ്പതിയെപ്പോലും അശാസ്ത്രീയം, അയുക്തികരം തുടങ്ങിയ വാക്കുകളിലാണ് ആധുനികവിജ്ഞാനീയത്തിന്റെ ഏജന്റായ മെക്കാളെപോലും പരിചയപ്പെടുത്തിയത് എന്ന് പ്രബന്ധം സൂചിപ്പിക്കുന്നു. ഇതോടൊപ്പം ചേർത്തുവായിക്കേണ്ട ലേഖനമാണ് നാരശിങ്കാമൃതം—നിർമ്മിതിയും പ്രയോഗവും (ഡോ. ലാലു എസ്. കുറുപ്പ്). സിദ്ധവൈദ്യപ്രകാരമുള്ള 'നാരശിങ്കാമൃതം' എന്ന ഔഷധത്തിന്റെ നിർമാണവും ഉപയോഗക്രമവും വിവരിക്കുന്ന ഒരു കിളിപ്പാട്ടിന്റെ ഹസ്തലിഖിതഗ്രന്ഥം വിശകലനം ചെയ്യുന്ന ലേഖനമാണിത്. ദ്രാവിഡ വൈദ്യവിജ്ഞാനീയമാണ് സിദ്ധവൈദ്യം. അതിലുണ്ടായ ഏതാണ്ടെല്ലാ പ്രാചീനകൃതികളും തമിഴിലാണ്. ജന്തുചരിതം, ചുവർചിത്രകല, കളരിപ്പയറ്റ്, വൈദ്യവിജ്ഞാനീയം എന്നീ ജനകീയപാരമ്പര്യങ്ങളെ നവോത്ഥാനധൈഷണികതയെ മുൻനിറുത്തി വിശകലനം ചെയ്യുമ്പോഴും അവയിലുള്ള മതാത്മകവും ആത്മീയവുമായ നിറങ്ങളെ മാറ്റിനിറുത്താനാവില്ല എന്നുതന്നെ ഫലശ്രുതി.

സാമൂഹിക ധൈഷണികത

മനുഷ്യനെ ഒറ്റയായി കാണാനും മനുഷ്യർക്കിയടയിലുള്ള വിള്ളലുകളെയും വിഭാഗീയതകളെയും യുക്തിയുപയോഗിച്ച് ചോദ്യംചെയ്യുവാനും നവോത്ഥാന ആധുനികതയുടെ ജ്ഞാനശേഷി മുതിർന്നത് വലിയ മുന്നേറ്റംതന്നെയായിരുന്നു. പക്ഷേ, ആ മനുഷ്യൻ ആര് എന്ന മറുചോദ്യമാണ് ഉത്തരാധുനികത ഉന്നയിച്ചത്. അതുകൊണ്ടാണ് സ്ത്രീ, ദലിത്, പിന്നാക്ക, ന്യൂനപക്ഷ, ആദിവാസി, അപര ജനവിഭാഗങ്ങളൊക്കെ വേറെവേറെ സ്വത്വങ്ങളാണെന്നും മനുഷ്യനെന്ന വലിയ വലയ്ക്കുള്ളിൽ അവർ കൂടുതൽ അരികിലാണെന്നും പുതിയ കാലം ശബ്ദിക്കുന്നത്. നവോത്ഥാനകാല ധൈഷണികതയെ പിന്തുടരുന്ന ഈ സമാഹാരത്തിൽ അതുകൊണ്ടുന്നെ പുതിയ സ്വത്വബോധത്തിൽനിന്നുള്ള ചോദ്യങ്ങളും അടങ്ങിയിരിക്കുന്നു. ആധുനികോത്തര സമീപനങ്ങളിൽ ഉയർന്നുവന്ന ഇത്തരം അറിവുകളെ നവോത്ഥാന ആധുനികത കൊളോണിയൽ മൂല്യങ്ങളുടെ സ്ഥാപനതന്ത്രമായി മാത്രമാണ് പരിഗണിച്ചത്. കേരളത്തിൽ അച്ചടിരംഗത്തുണ്ടായ ആദ്യചുവടുകൾ ആധുനികതയുടെ ചിന്താപദ്ധതികളെ ആവിഷ്കരിച്ച കൂട്ടത്തിൽ സ്ത്രീശാക്തീകരണ ആശയങ്ങൾക്ക് എത്ര വിഹിതമാണ് ലഭിച്ചത് എന്ന് പരിശോധിക്കുകയാണ് 'നവോത്ഥാനകാലത്തെ സ്ത്രീനിർമിതി ശാരദ എന്ന മാസികയെ മുൻനിറുത്തി ഒരു പഠനം' (ജൂലിയാ ഡേവിഡ്) എന്ന ലേഖനം. തൊട്ടുമുമ്പേ സൂചിപ്പിച്ച നാടോടി വിജ്ഞാനീയത്തെ പ്രധാന ആകരമായി

എടുത്ത് ഉത്തരാധുനികമായ സ്ത്രീചിന്തയിലൂടെ വിശകലനം ചെയ്യുന്ന മറ്റൊരു പ്രബന്ധമാണ് 'സ്ത്രൈണാരാധനയുടെ അനുഷ്ഠാന വടിവുകൾ കേരളീയ കലാപാരമ്പര്യത്തിൽ' (രമ്യ പി. പി). മതത്തെക്കാൾ പ്രാക്തനവും സാംസ്കാരിക മൂല്യവും ആചാരാനുഷ്ഠാനങ്ങൾക്കുണ്ട് എന്ന വ്യത്യസ്തമായ നിരീക്ഷണത്തിലാണ് ലേഖനം ആരംഭിക്കുന്നത്. (എന്നാൽ പ്രബന്ധത്തിന്റെ ആദ്യവാക്യത്തിലേ 'സാംസ്കാരിക പൈതൃകം' എന്ന വാക്ക് വായിക്കുന്നതോടെ ലേഖിക ഉന്നയിക്കാനുദ്ദേശിക്കുന്ന വിഷയത്തിന് കോട്ടം തട്ടുകയും പുതിയ പെൺഭാഷയുടെ പ്രതിരോധപരമായ കരുത്ത് ചോർന്നുപോകുകയും ചെയ്യുന്നു). എന്നാൽ ആ വ്യത്യസ്തമായ ആശയാടിത്തറയിൽനിന്ന് നിലവിലുള്ള ആണധികാര നവോത്ഥാന ധൈഷണികതയെ പുനപ്പരിശോധിക്കാനല്ല, മറിച്ച് അതിന്റെ വാർപ്പുമാതൃകകളെ പുനർനിർമ്മിക്കാനേ പ്രബന്ധകാരിക്കു കഴിയുന്നുള്ളൂ. ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സ്ത്രീപെരുമകൾ നിരത്തിവെക്കുന്നത് അടിസ്ഥാനപരമായി മതത്തിലെ ആൺകോയ്മകളെ സ്ഥാപിക്കും വിധമാകുന്നുണ്ട്. സർവം സഹയും ശ്രേഷ്ഠയും പവിത്രയും ദേവിയുമായ പെണ്ണിനെ സങ്കല്പിക്കുന്നതിലൂടെ സ്ഥാപിതമാകുന്ന അധികാരങ്ങളെ ആധുനികാന്തര ഫെമിനിസം സംശയത്തോടെയാണ് നോക്കിയിട്ടുള്ളത്. ഈ സംശയനോട്ടം ഇല്ലാതായതുകൊണ്ടാണ് മുസ്ലിം സ്ത്രീകൾ കൈകളിലണിയുന്ന മൈലാഞ്ചി അനുഷ്ഠാനപരമായ സ്ത്രീശക്തിയെ പ്രകടിപ്പിക്കുന്നു എന്നുപോലും ഗവേഷകയ്ക്ക് പറയാനാകുന്നത്.

മലയാള ധൈഷണികതയെ സ്വാധീനിച്ച യൂറോപ്യൻ യുക്തിബോധം ആധുനികതയുടെ വ്യവസ്ഥാപനത്തിനും സാമൂഹിക നിർമാണത്തിന്റെ ആശയതലം സ്വരൂപിക്കുന്നതിനും സഹായകമായിട്ടുണ്ട്. ഒരു വശത്ത് മതത്തിന്റെയും ആത്മീയതയുടെയും ആശയങ്ങളും മറുവശത്ത് ആധുനികശാസ്ത്രത്തിന്റെ ആശയങ്ങളും കേരളീയ ബുദ്ധിജീവിതത്തിൽ സമന്വയിച്ചു. ശാസ്ത്രവും മതവും രണ്ടു ഭാഗങ്ങളിൽ നിലയുറപ്പിച്ച അറിവുകളാണെങ്കിലും കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ ശാസ്ത്രത്തിലേയ്ക്ക് മതവും മതത്തിലേയ്ക്ക് ശാസ്ത്രവും സ്വാഭാവികമായി പ്രവേശിക്കുന്നതു കാണാം. കേരളത്തിലേക്കുള്ള യൂറോപ്യൻ അധിവേശം നമ്മുടെ ഭാഷയെയും സംസ്കാരത്തെയും രൂപപ്പെടുത്തിയിട്ടുണ്ട് എന്നതുപോലെ അവരുടെ വിവിധ പ്രൊജക്ടുകളുടെ ഇടപെടലുകളാണ് കേരളീയചിന്തക്ക് വികാസത്തിന്റെ പാതയൊരുക്കിയത്. മലയാള അക്ഷരങ്ങൾ ആദ്യമായി അച്ചടിമഷിപുരണ്ടത് ഒരു ശാസ്ത്രഗ്രന്ഥത്തിലാണെന്നതും മലയാള അച്ചടിയുടെയും മാധ്യമപ്രവർത്തനങ്ങളുടെയും ആദ്യകാല ചരിത്രം ക്രിസ്തുമത പ്രചാരണത്തിനുവേണ്ടിയാണെന്നും ഓർക്കുക. കേരളത്തിലെ

സസ്യശാസ്ത്രഗ്രന്ഥവും മതപ്രചാരണ ഗ്രന്ഥവും ഒരേപോലെ ഇവിടത്തെ അറിവിനെയും ഭാഷയെയും പണിതുയർത്തിയിട്ടുണ്ട്. ആധുനികതയുടെ കേരളീയ പശ്ചാത്തലത്തിൽ ഈ അറിവുവിതരണക്രമം എങ്ങനെയാണ് പ്രവർത്തനക്ഷമമായത് എന്ന പരിശോധിക്കുകയാണ് ആതിര ടി. ആർ. 'ശാസ്ത്രമലയാളം വ്യവസ്ഥാപനവും വിതരണവും പത്തൊമ്പതാം നൂറ്റാണ്ടിലെ രചനാസംരംഭങ്ങളെ മുൻനിർത്തിയുള്ള ആലോചന' എന്ന പ്രബന്ധത്തിൽ. പ്രിയദർശിനിയുടെ 'ആധുനികപൂർവ്വ കേരളത്തിലെ സസ്യജ്ഞാനം കൃഷിഗീതയിൽ' എന്ന പ്രബന്ധവും ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്.

അല്പം ദീർഘമായിപ്പോയ ഈ വിശകലനം അവസാനിപ്പിക്കേണ്ടത് ഇങ്ങിനെയാണ്. കേരളത്തിലെ ജ്ഞാനോദയ ആധുനികത ഉദ്പാദിപ്പിച്ച നവോത്ഥാനധിഷണ ഇന്ത്യൻ നവോത്ഥാനത്തെ അതേപടി പിന്തുടരുന്നതായിരുന്നുവെന്നു മാത്രമല്ല, മതാത്മകവും പാരമ്പര്യാനുസാരിയുമായ സാമൂഹികക്രമത്തെ ശുദ്ധീകരിച്ച് സംസ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ പരിമിതവുമായിരുന്നു. നവോത്ഥാനം, ആധുനികത, പുരോഗമനാത്മത എന്നൊക്കെ പേരിടുമ്പോൾ പാശ്ചാത്യമായ ശാസ്ത്രീയ യുക്തിബോധം, പാരമ്പര്യനിഷേധം തുടങ്ങിയ ധൈഷണികമൂല്യങ്ങളെ കേരളീയനവോത്ഥാനം ആശ്രയിച്ചുപോലും മതത്തിന്റെയും ആത്മീയതയുടെയും യുക്തികളെ ശുദ്ധീകരിക്കാനും പുനഃസ്ഥാപിക്കുവാനുമായിരുന്നു. ഈ വസ്തുത ഉറക്കെ പറയുന്നത് കേരളത്തിലെ ആധുനിക നവോത്ഥാനധൈഷണികതയെ പരിഹസിക്കാനോ കുറ്റപ്പെടുത്താനോ അല്ല, മറിച്ച് അതിന്റെ സ്വാഭാവികമായ അവസ്ഥയെ തെര്യപ്പെടുത്താൻ മാത്രമാണ്.